**ഭരണറിപ്പോർട്ട് 2019-2020**

**<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള- വാർഷിക റിപ്പോർട്ട് 2019-2020</u>**

## ആമുഖം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ നടപ്പിലാക്കുന്ന പ്രവർത്തികളുടെ സോഷ്യൽ ഓഡിറ്റിംങ് ഗ്രാമസഭകളിലൂടെ നടത്തണമെന്ന് നിയമത്തിന്റെ 17(2)-ൽ പ്രതിപാദിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് ചട്ടങ്ങൾ 2011 പ്രകാരം സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും വർഷത്തിൽ രണ്ടുപ്രാവശ്യം സോഷ്യൽ ഓഡിറ്റ് സംഘടിപ്പിയ്ക്കേണ്ടതുണ്ട്. സംസ്ഥാനതലത്തിൽ സോഷ്യൽ ഓഡിറ്റ് സംഘടിപ്പിക്കുവാൻ ചട്ടങ്ങളുടെ ഖണ്ഡിക 4 പ്രകാരം ഒരു സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് യൂണിറ്റ് സംസ്ഥാന സർക്കാർ രൂപീകരിയ്ക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 30.12.2015-ലെ 3906/2015/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം Travancore Cochin Literary Scientific and Charitable Society Act 1955 പ്രകാരം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി TVM/TC/123/2017 നമ്പർ പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2017 ഡിസംബർ 1മുതൽ സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരളയുടെ പൂർണ്ണതോതിലുള്ള സ്വതന്ത്ര പ്രവർത്തനങ്ങൾ ആരംഭിച്ചു. ഗവേർണിംഗ് ബോഡി നയപരമായ തീരുമാനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകി വരുന്നു.

<u>ഗവേർണിംഗ് ബോഡിയുടെ ഘടന</u>

ഡോ. ബി.അശോക് ഐ.എ.എസ്, സെക്രട്ടറി, ജലവിഭവവകുപ്പ്, ചെയർമാൻ

ശ്രീ. എസ്. രാജേന്ദ്രൻ, വൈസ് ചെയർമാൻ

ശ്രീ. സി.കെ.ഹരീന്ദ്രൻ, എം.എൽ.എ., പാറശ്ശാല

ശ്രീമതി. തങ്കം ടീച്ചർ,

ശ്രീ. ചെങ്ങറ സുരേന്ദ്രൻ

ഡോ. എൻ. രമാകാന്തൻ

ശ്രീമതി. ഗിരിജ സുരേന്ദ്രൻ

ശ്രീ. എം.വി. ബാലകൃഷ്ണൻമാസ്റ്റർ

അഡീഷണൽ ചീഫ് സെക്രട്ടറി, ത.സ്വ.ഭ.വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ മിഷൻ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്

ഡയറക്ടർ, സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള(കൺവീനർ)

**<u>സംസ്ഥാനതലം- സംസ്ഥാന സോഷ്യൽ ഓഡിറ്റ് യൂണിറ്റ്</u>**

**ഡോ.എബി.ജോർജ്ജ്**, എം.ജി.എൻ.എസ്.എ.എസ്.കെ. (സോഷ്യൽ ഓഡിറ്റ് യൂണിറ്റ് സംസ്ഥാനതല ഡയറക്ടർ) (27.02.2020-ന് മാതൃവകുപ്പിലേക്ക് മടങ്ങിപ്പോയി).

**ശ്രീ.ഇ.ശ്രീകുമാർ**,സോഷ്യൽ ഡെവലപ്പ്മെന്റ് സെപ്ഷ്യലിസ്റ്റ് & ഡയറക്ടർ ഇൻചാർജ്ജ് (28.02.2020-മുതൽ) ആയി പ്രവർത്തിക്കുന്നു.

**ശ്രീ. ജോർജ്ജ് ജേക്കബ്ബ്**, സോഷ്യൽ ഓഡിറ്റ് എക്സ്പെർട്ട്.

**ശ്രീ.പുതുശ്ശേരി ശ്രീനിവാസൻ,** സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ.

ഇവരെ കൂടാതെ ഒരു അക്കൗണ്ടന്റും, ഡാറ്റാ എൻട്രി ഓപ്പറേറ്ററും, ഓഫീസ് അറ്റൻഡന്ററും സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്നു. സ്റ്റേറ്റ് റിസോഴ്സ്പേഴ്സൺ പാലക്കാട് ആസ്ഥാനമായും പ്രവർത്തിക്കുന്നു.

**<u>ജില്ലാതലം</u>**

ജില്ലാതലത്തിൽ ജില്ലാ റിസോഴ്സ്പേഴ്സൺമാർ പ്രവർത്തിക്കുന്നു. നിലവിൽ 11 ജില്ലാതല റിസോഴ്സ്പേഴ്സൺമാർ പ്രവർത്തിക്കുന്നു. തിരുവനന്തപുരം, കൊല്ലം & ആലപ്പുഴ ജില്ലാ റിസോഴ്സ്പേഴ്സൺമാരുടെ തസ്തിക നിലവിൽ ഒഴിഞ്ഞുകിടക്കുകയാണ്.

**<u>ബ്ലോക്ക്തലം</u>**

ബ്ലോക്ക് റിസോഴ്സ്പേഴ്സൺ 152 ബ്ലോക്കുകളിൽ നിലവിൽ 52 ബ്ലോക്കുകളിൽ മാത്രമേ ബി.ആർ.പി.മാരുള്ളൂ. ബാക്കി ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചു വരുന്നു. ഇതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബഹു. ചെയർമാൻ 13.02.2019 & 23.03.2019-തീയതികളിൽ അംഗീകരിച്ചു നൽകിയ നോട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവുള്ള 100 ബ്ലോക്ക് റിസ്സോഴ്സ് പേഴ്സൺമാരുടെ ഒഴിവിലേക്കായി പത്രദ്വാരാ (മലയാളമനോരമ,ദേശാഭിമാനി&മാതൃഭൂമി) പരസ്യം നൽകുകയും, ബ്ലോക്ക് റിസ്സോഴ്സ് പേഴ്സൺമാരുടെ കുറഞ്ഞ വിദ്യാഭ്യാസയോഗ്യത ഡിഗ്രിതലമായി നിജപ്പെടുത്തി തീരുമാനിച്ചിരുന്നു. അതിലേയ്ക്കായി 17,944 അപേക്ഷകൾ ലഭിച്ചു. ഡിഗ്രിതലത്തിൽ ലഭിച്ച ഉയർന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ ഒഴിവുള്ള ഓരോ ബ്ലോക്കിലെയും ബ്ലോക്ക് റിസ്സോഴ്സ് പേഴ്സണിന്റെ ഒഴിവിലേയ്ക്കായി പട്ടികജാതി വിഭാഗത്തിൽ നിന്നും 15 പേർ, പൊതുവിഭാഗത്തിൽ നിന്നും 15 പേർ, എല്ലാ പട്ടിക വർഗ്ഗ അപേക്ഷകർ എന്നിവരുടെ, എഴുത്തു പരീക്ഷയ്ക്കുവേണ്ടി, ചുരുക്കപ്പട്ടിക തയ്യാറാക്കുവാനുള്ള രേഖകളുടെ ജില്ലാതല പരിശോധന പൂർത്തിയാക്കി തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ & കോഴിക്കോട് കേന്ദ്രങ്ങളിലായി 1000-ത്തോളം പേർക്കായി എഴുത്തുപരീക്ഷ നടത്തി എഴുത്തുപരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ നിയമന നടപടികൾ ഗവേർണിംഗ് ബോഡിയുടെ അംഗീകാരത്തോടെ സ്വീകരിക്കുന്നതായിരിക്കും.

**<u>ഗ്രാമപഞ്ചായത്ത്തലം</u>**

ഗ്രാമപഞ്ചായത്ത് തലത്തിൽ ഒരു ഗ്രാമപഞ്ചായത്തിന് 3 പേർ എന്ന് നിജപ്പെടുത്തിക്കൊണ്ട് വി.ആർ.പി.മാരുടെ ഒരു പൂൾ ബ്ലോക്ക് തലത്തിൽ സൃഷ്ടിച്ചുക്കൊണ്ട് പ്രവർത്തനം നടത്തുന്നു. 2019 വർഷത്തിലാണ് വി.ആർ.പിമാരുടെ തിരഞ്ഞെടുപ്പും നിയമനവും നടന്നിട്ടുള്ളത്. 2019 ഡിസംബർ വരെ 2260 വി.ആർ.പി മാർക്ക് പരിശീലനം നൽകി 2150 പേരെ സോഷ്യൽ ഓഡിറ്റ് പ്രക്രിയയ്ക്കായി തികച്ചും നിശ്ചിത പ്രവർത്തി ദിവസങ്ങൾക്കായി നിയോഗിച്ചു വരുന്നു.

## വില്ലേജ് റിസ്സോഴ്സ് പേഴ്സൺ (VRP)മാരുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച്

വില്ലേജ് റിസ്സോഴ്സ് പേഴ്സൺമാരുടെ കാര്യത്തിൽ ഗവേർണിംഗ് ബോഡി നിർദ്ദേശാനുസരണം ഒരു പ്രൊപ്പോസൽ ഡയറക്ടർ ബഹു.ചെയർമാന് നൽകുകയും 13.02.2019-ാം തീയതി അംഗീകരിച്ചു നൽകുകയും ചെയ്തു. വില്ലേജ് റിസ്സോഴ്സപേഴ്സൺമാരുടെ ഒഴിവിലേയ്ക്കായി 65,941 അപേക്ഷകൾ ലഭിക്കുകയും ചെയ്തു. ഇതിനോടകം രേഖകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ ചുരുക്കപ്പട്ടിക തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

**വില്ലേജ് റിസോഴ്സ് പേഴ്സൺമാർമാരുടെ മുൻഗണനപട്ടിക തയ്യാറാക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ**

ബ്ലോക്ക് അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള ടീമുകളായിട്ടായിരിക്കും വില്ലേജ് റിസോഴ്സ് പേഴ്സൺമാരെ നിയോഗിക്കുന്നത്.

ഓരോ ബ്ലോക്കിലും ഉള്ള പഞ്ചായത്തുകളുടെ എണ്ണത്തിന് ആനുപാതികമായി വില്ലേജ് റിസോഴ്സ് പൂൾ ഉണ്ടാക്കുകയും, പരിശീലനം നൽകുകയും സ്വന്തം പഞ്ചായത്ത് ഒഴിവാക്കി, ആവശ്യാനുസരണം സോഷ്യൽ ഓഡിറ്റ് പ്രവർത്തനത്തിൽ പങ്കാളിയാക്കുകയും ചെയ്യുന്ന ഒരു പ്രകിയയായിരിക്കും അനുവർത്തിച്ചത്.

**ഓരോ ബ്ലോക്കിലും-** വില്ലേജ് റിസോഴ്സ് പേഴ്സൺ പൂൾ തയ്യാറാക്കിയത്, താഴെപ്പറയുന്ന മാനദണ്ഡപ്രകാരമാണ്.

**പൊതുവായ കാര്യങ്ങൾ**

- 30 വയസ്സിൽ താഴെയുള്ളവരായിരിക്കണം
- എസ്.റ്റി.വിഭാഗത്തിൽപ്പെട്ടവർ ഉള്ളയിടങ്ങളിൽ എസ്.റ്റിയ്ക്കും, എസ്.സി. വിഭാഗത്തിൽപ്പെട്ടവർ ഉള്ളയിടങ്ങളിൽ എസ്.സിയ്ക്കും മുൻഗണന നൽകുന്നതായിരിക്കും.
- ബി.പി.എൽ കുടുംബത്തിൽ നിന്നുള്ളവർക്കും, തൊഴിലുറപ്പുതൊഴിലാളികൾക്കും/തൊഴിലുറപ്പു തൊഴിലാളികളുടെ മക്കൾക്കും മുൻഗണന നൽകുന്നതായിരിക്കും.
- മൊത്തം വില്ലേജ് റിസോഴ്സ് പേഴ്സൺമാരിൽ 50% എങ്കിലും സ്ത്രീകളായിരിക്കും.

**മുൻഗണന തീരുമാനിക്കുന്നതിനുള്ള മാനദണ്ഡം താഴെപ്പറയും പ്രകാരമാണ്.**

**A. വെയിറ്റേജ്**

**B(1)വിദ്യാഭ്യാസം**

പ്ലസ്-ടു ലെവൽ മാർക്ക് - 30-49.9% -0 പോയിന്റ്
പ്ലസ്-ടു ലെവൽ മാർക്ക് - 50-59.9% -2 പോയിന്റ്
പ്ലസ്-ടു ലെവൽ മാർക്ക് - 60-69.9% -2 പോയിന്റ്
പ്ലസ്-ടു ലെവൽ മാർക്ക് - 70-79.9% -2 പോയിന്റ്
പ്ലസ്-ടു ലെവൽ മാർക്ക് - 80-89.9% -2 പോയിന്റ്
പ്ലസ്-ടു ലെവൽ മാർക്ക് - 90-100% -2 പോയിന്റ്
ഡിഗ്രി പാസ്സായാൽ -5 പോയിന്റ്
ഡിഗ്രി 60%-ത്തിനുമുകളിൽ -2 പോയിന്റ്
ഡിഗ്രി 80%-ത്തിനു മുകളിൽ -2 പോയിന്റ്
പി.ജി. പാസ്സായാൽ -5 പോയിന്റ്
പി.ജി. 60% ത്തിനുമുകളിൽ -2പോയിന്റ്
പി.ജി. 80% ത്തിനുമുകളിൽ -2 പോയിന്റ്
ഡി.സി.എ.തുടങ്ങിയ കമ്പ്യൂട്ടർ സംബന്ധിയായ-ഡിപ്ലോമ-2പോയിന്റ്.
പി.ജി.ഡി.സി.എ./കമ്പ്യൂട്ടർ സംബന്ധിയായ ഡിഗ്രി-5 പോയിന്റ്

**മറ്റു ഘടകങ്ങൾ**

എസ്.റ്റി. കുടുംബം- 10പോയിന്റ്
എസ്.സി. കുടുംബം- 5പോയിന്റ്
ബി.പി.എൽ.കുടുംബം- 5പോയിന്റ്
എൻ.ആർ.ഇ.ജി.എസ് വർക്കേഴ്സ് കുടുംബാംഗം- 5 പോയിന്റ്

ഇതിന്റെ അടിസ്ഥാനത്തിൽ, ബ്ലോക്ക് തലത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി-പഞ്ചായത്തുകളുടെ എണ്ണത്തിന് ആനുപാതികമായി വില്ലേജ് റിസ്സോഴ്സ്പേഴ്സൺമാരുടെ ഒരു ലിസ്റ്റ് തയ്യാറാക്കുകയും അവരിൽ നിന്നും ആവശ്യാനുസരണം വില്ലേജ് റിസ്സോഴ്സ് പേഴ്സൺമാരുടെ സേവനം ഉപയോഗപ്പെടുത്തുകയും ചെയ്യും.

**<u>പരിശീലനങ്ങൾ</u>**

വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്ക് നാലുദിവസത്തെ പരിശീലനം നൽകിയിട്ടുണ്ട്. ബ്ലോക്ക് തലത്തിൽ ബി.ആർ.പിമാരും ഡി.ആർ.പിമാരും പരിശീലനങ്ങൾക്ക് നേതൃത്വം നൽകി.

ബി.ആർ.പി,ഡി.ആർ.പി.മാർക്ക് വിവിധ വിഷയങ്ങളിൽ അറിവ് പുതുക്കുവാനും പ്രവർത്തന പുരോഗതി വിലയിരുത്തുവാനുമായി കലണ്ടർ വർഷത്തിൽ 4 (നാല്) റിവ്യൂ മീറ്റിങ്ങുകൾ നടത്തുകയുണ്ടായി.

**<u>ഫണ്ട് ലഭ്യത</u>**

2017-2018-ൽ ലഭിച്ച ഫണ്ടുതുകയായ **4,18,37,000/-**രൂപയും ആയതിന്റെ പലിശയായി ലഭിച്ച തുകയും സോഷ്യൽ ഓഡിറ്റിനായി വിനിയോഗിച്ചു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ നന്തൻകോട് ബ്രാഞ്ചിലെ A/c. 37364716754 നമ്പർ അക്കൗണ്ടിൽ നിലവിലെ മിച്ചം **7039.60**/-രൂപയാണ്. 2019-20 വർഷത്തേയ്ക്കുള്ള ഫണ്ട് പ്രൊപ്പോസൽ - ആഡിറ്റഡ് സ്റ്റേറ്റ്മെന്റ്, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ സഹിതം കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. ഇതിനെതുടർന്ന് 2019-20 വർഷത്തേക്ക് കേന്ദ്രസർക്കാർ രൂപ.**7,30,37,000/-** അനുവദിച്ചത് **23.03.2020**-ന് ലഭിക്കുകയുണ്ടായി.

കൂടാതെ നഗരപ്രദേശങ്ങളിലെ ആശ്രയ ഓഡിറ്റ് നടത്തുന്നതിനായി കുടുംബശ്രീയിൽ നിന്നും 6,57,072/- രൂപാ ലഭിച്ചിട്ടുണ്ട്.

**<u>ചാർട്ടേഡ് അക്കൗണ്ടിന്റെ നിയമനം</u>**

വരവ്- ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനായി അക്കൗണ്ടന്റ് ജനറലിന്റെ പാനലിലുള്ള വെങ്കിടാചലം അസോസിയേറ്റിനെ നടപടിക്രമങ്ങൾ പാലിച്ച് നിയമിച്ചിട്ടുണ്ട്. 2017-18,2018-19 വർഷങ്ങളിലെ കണക്കുകൾ ഓഡിറ്റ് ചെയ്തു നൽകിയത് ഫണ്ട് പ്രൊപ്പോസലിനായി കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് അയച്ചുകൊടുത്തിട്ടുണ്ട്. ഓഡിറ്റ് ചെയ്ത കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

**<u>ഗവേർണിംഗ് ബോഡി യോഗങ്ങൾ</u>**

കലണ്ടർ വർഷത്തിൽ ഗവേർണിംഗ് ബോഡിയുടെ രണ്ട് യോഗങ്ങൾ നടന്നു. ചെയർമാനായി ജലവിഭവവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി/സെക്രട്ടറി തുടരുന്നു. ഗവേർണിംഗ് ബോഡിയിൽ തദ്ദേശവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയേയും, എസ്.എ.യു. ഡയറക്ടറെയും പുതുതായി ഉൾക്കൊളളിച്ചിട്ടുണ്ട്.

**<u>പ്രധാന പ്രവർത്തനങ്ങൾ</u>**

സോഷ്യൽ ഓഡിറ്റ് സൊസൈറ്റി പ്രവർത്തനം ആരംഭിച്ചതുമുതൽ 2020 മാർച്ച് 31 വരെ 2831 ഗ്രാമസഭകൾ സംഘടിപ്പിക്കുകയും 1887 റിപ്പോർട്ടുകൾ ഇതിനോടകം വെബ് സൈറ്റിൽ നൽകുകയും ചെയ്തിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ നിർവ്വഹണഏജൻസികൾക്ക് തുടർനടപടികൾക്കായി നൽകുകയും ചെയ്തുവരുന്നു.

**വെബ്സൈറ്റ്–** സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് സ്വന്തമായി ഒരു വെബ്സൈറ്റ് നിലവിലുണ്ട്. സോഷ്യൽ ഓഡിറ്റ് യൂണിറ്റുമായി ബന്ധപ്പെട്ട പ്രധാന വിവരങ്ങൾ വെബ് സൈറ്റിൽ ലഭ്യമാണ്. (www.socialaudit.kerala.gov.in).

**ഇ-മെയിൽ–**സോഷ്യൽ ഓഡിറ്റിന്റെ വിവരങ്ങൾ ചുവടെ ചേർത്തിട്ടുള്ള മെയിലിലും ലഭ്യമാണ്. പൊതുവായ വിവരങ്ങൾ (keralasocialaudit@gmail.com), സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ socialauditreport@gmail.com എന്ന വിലാസത്തിലും വാർത്തകൾ keralasocialauditnews@gmail.com എന്ന വിലാസത്തിലും ലഭ്യമാണ്.

**സുതാര്യആപ്പ്**

റിപ്പോർട്ടിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിന് വളരെപ്പെട്ടന്ന് റിപ്പോർട്ടുകൾ തയ്യാറാക്കുവാൻ സഹായിക്കുന്നതിനുമായി സുതാര്യ എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉണ്ടാക്കുകയും റിസോഴ്സ് പേഴ്സൺമാർ പ്രസ്തുത മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തിരം ഫീൽഡ് തലത്തിൽ വിവരങ്ങൾ ശേഖരിക്കുന്നു. റിപ്പോർട്ടുകളുടെ കൃത്യത ഉറപ്പാക്കുവാൻ GEO TRACKER സംവിധാനവും ഉറപ്പാക്കുന്നു.

## മറ്റ് പദ്ധതികളുടെ സോഷ്യൽ ഓഡിറ്റുകൾ

**ആശ്രയകുടുംബശ്രീ**

ഗ്രാമപ്രദേശങ്ങളിലെ കുടുംബശ്രീ മിഷന്റെ ആശ്രയ പദ്ധതിയുടെ സോഷ്യൽ ഓഡിറ്റിൽ കുടുംബശ്രീയുമായി സഹകരിച്ച് പരീക്ഷണാടിസ്ഥാനത്തിൽ പോത്തൻകോട് പഞ്ചായത്തിൽ ഓഡിറ്റ് നടത്തുകയുണ്ടായി.

നഗരആശ്രയപദ്ധതിയുടെ-സോഷ്യൽ ഓഡിറ്റിനായി തിരഞ്ഞെടുത്ത റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിൽ പ്രസ്തുത പദ്ധതിയുടെ ഓഡിറ്റ് ഇക്കാലയളവിൽ നടന്നുവരുന്നു.

**ഭക്ഷ്യസുരക്ഷാനിയമം**

ടി നിയമപ്രകാരമുള്ള ഉച്ചഭക്ഷണപദ്ധതി, പൊതുവിതരണ സമ്പ്രദായം എന്നിവയിൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി യഥാക്രമം പൊതു വിദ്യാഭ്യാസ വകുപ്പ്, ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് എന്നിവരുമായി ചർച്ചകൾ നടന്നുവരുന്നു.

NSAP &PMAY(G)- സാമൂഹ്യസുരക്ഷാ പെൻഷൻ പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) എന്നിവയുടെ സോഷ്യൽ ഓഡിറ്റ് സംബന്ധിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതുസംബന്ധിച്ച് MoRD- യും NIRD &PR-ഉം ഡൽഹിയിൽ സംഘടിപ്പിച്ച 2 ദിവസത്തെ TOT പരിപാടിയിൽ ഡയറക്ടർ, എസ്.ഡി.എസ്., എസ്.ആർ.പി.,2 ഡി.ആർ.പി., ഒരു ബി.ആർ.പി എന്നിവർ പങ്കെടുത്തു.

**ശുചിത്വമിഷൻ–**

സംസ്ഥാന ശുചിത്വമിഷൻ നടപ്പിലാക്കിയിട്ടുള്ള ശുചിത്വ പരിപാടികളുടെ സോഷ്യൽ ഓഡിറ്റ് നടത്തുവാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

***സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ആസ്ഥാന ഓഫീസ്***

സ്വരാജ് ഭവനിൽ സ്ഥലസൗകര്യങ്ങളുടെ അഭാവം എസ്.എ.യുവിന്റെ പ്രവർത്തനങ്ങൾക്ക് വിഘാതമായതിനാൽ കൂടുതൽ സൗകര്യപ്രദമായ മ്യൂസിയം ജംഗ്ഷനിൽ, എൽ.എം.എസ് കോമ്പൗണ്ടിലുള്ള സി.ഡബ്യൂ.സി. കെട്ടിടത്തിന്റെ രണ്ടാം നിലയിൽ ഓഫീസും മൂന്നാം നിലയിൽ പരിശീലനഹാളും സജ്ജീകരിച്ചുകൊണ്ട് പ്രവർത്തനം തുടരുന്നു.

**സോഷ്യൽ ഓഡിറ്റ് ഗ്രാമസഭാ റിപ്പോർട്ടുകളിൽ കണ്ടെത്തിയ ഗുണഫലങ്ങൾ**

1. സോഷ്യൽ ഓഡിറ്റിന്റെ, പൊതുവായ ലക്ഷ്യങ്ങൾ നിർവ്വഹണതലങ്ങളിൽ ഒരു വലിയ പരിധിവരെ എത്തിക്കാൻ കഴിഞ്ഞതിലൂടെ പദ്ധതിനിർവ്വഹണത്തിന് ഒരു പുതിയ മാനം കൈവരിക്കുന്നതിന് വലിയ ഒരളവുവരെ സാധിച്ചു.

2. സോഷ്യൽ ഓഡിറ്റ് പ്രക്രിയയുടെ ഭാഗമായ ഫയൽ/രെജിസ്റ്റർ പരിശോധനയിലൂടെ വർക്ക് ഫയലുകളും 7 രെജിസ്റ്ററുകളും മെച്ചപ്പെട്ട രീതിയിൽ പരിപാലിക്കുന്നതിന് നിർവ്വഹണ ഏജൻസികളെ പ്രാപ്തരാക്കാൻ സാധിച്ചു.

3. മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ അവകാശത്തെക്കുറിച്ച് തൊഴിലാളികളെ ബോധവത്ക്കരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

4. സോഷ്യൽ ഓഡിറ്റ് പ്രക്രിയയുടെ ഭാഗമായ പ്രവൃത്തി പരിശോധനയിലൂടെ അളവുകളുടെ കൃത്യതയുടെ/ആവശ്യകതയെക്കുറിച്ചും/പ്രാധാന്യത്തെക്കുറിച്ചും തൊഴിലാളികളെയും നിർവ്വഹണ ഏജൻസികളെയും ബോദ്ധ്യപ്പെടുത്തുന്നതിന് സാധിച്ചു.

5. പദ്ധതി നിർവ്വഹണത്തിന്റെ ജാഗ്രത/മേൽനോട്ടത്തിന് പുതിയ ദിശാബോധം നൽകുന്നതിനും ശക്തിപ്പെടുത്തുന്നതിനും സോഷ്യൽ ഓഡിറ്റ് പ്രക്രിയയിലൂടെ വലിയ ഒരളവുവരെ സാധിച്ചിട്ടുണ്ട്.

**സോഷ്യൽ ഓഡിറ്റ് ഗ്രാമസഭാ റിപ്പോർട്ടുകളിൽ കണ്ടെത്തിയ പ്രധാന പോരായ്മകൾ**

1. വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം സൂക്ഷിക്കേണ്ടുന്ന രേഖകളുടെ അഭാവം
2. എ.എം.സി.പ്രകാരം പ്രകാരം സൂക്ഷിക്കേണ്ടുന്ന രജിസ്റ്ററുകളുടെ പോരായ്മകൾ
3. സൈറ്റ് ഡയറിയിൽ കണ്ടെത്തിയ പോരായ്മകൾ.
4. വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മറ്റി ശക്തമാക്കേണ്ടുന്നതിന്റെ ആവശ്യകത.
5. ഫീൽഡ് തലത്തിലുള്ള പരിശോധനയുടെ അഭാവം
6. മേറ്റുമാർക്ക് പരിശീലനം ലഭിക്കാത്തതിനാൽ പ്രായോഗികമായി ഉണ്ടാകുന്ന പ്രശ്നങ്ങൾ ഉദാ-മസ്റ്റർറോൾ സൂക്ഷിക്കുന്നതിൽ കാണുന്ന ഉദാസീനത.
7. തൊഴിലാളികൾക്ക് അവരുടെ അവകാശങ്ങളെക്കുറിച്ചുള്ള ധാരണക്കുറവ്.
8. ഫീൽഡ് തലത്തിൽ അളവുകളിൽ കാണുന്ന കുറവ്
9. വേതനവിതരണത്തിലെ കാലതാമസം
10. കാലാവസ്ഥയ്ക്കും പ്രദേശത്തിനും യോജിക്കാത്ത പ്രവർത്തികളുടെ തിരഞ്ഞെടുപ്പ്
11. നെഗറ്റീവ് ലിസ്റ്റിലുള്ള പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുന്നത്.
12. തൊഴിലുപകരണങ്ങളുടെ വാടക ലഭിയ്ക്കുവാനുള്ള കാലതാമസം.